ആമുഖം

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ ഗുണമേന്മ ഉയർത്തുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി രൂപീകരിച്ച ഒരു പ്രവർത്തനപദ്ധതിയാണ് സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതി. പൊതുവിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സാധ്യമായ എല്ലാ ആശയങ്ങളും ഉൾക്കൊള്ളുന്ന ഹ്രസ്വകാല പദ്ധതിയുമാണ് ഇത്. 2025-26 അധ്യയന വർഷത്തിൽ പ്രീ-പ്രൈമറി തലം മുതൽ 10-ാം ക്ലാസ് വരെയുള്ള എല്ലാ കുട്ടികളെയും സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമാക്കുന്ന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്.

ഭാഷാപരമായ വിഷയത്തിൽ കുട്ടികളുടെ വായനയും എഴുത്തും ആശയവിനിമയശേഷിയും ഉൾപ്പെടെ ഭാഷാപ്രയോഗശേഷിയും ശാസ്ത്രവിഷയങ്ങളിൽ അതിന്റെ അടിസ്ഥാനധാരണകളും മെച്ചപ്പെടുത്തുന്നു. വിവരവിനിമയസാങ്കേതിക വിദ്യയുടെ കാലഘട്ടത്തിൽ, ഐ.ടി. യുടെ അടിസ്ഥാനവസ്തുതകളും നൽകി കുട്ടികളെ വിഷയകേന്ദ്രീകൃതമായി ഉയർത്തുന്നു. എല്ലാ അർത്ഥത്തിലും സാക്ഷരരാക്കി സമൂഹത്തിൽ ജീവിക്കുവാനുള്ള പ്രാപ്തി നേടുന്നു.

പൊതുവായ ലക്ഷ്യങ്ങൾ

* വിദ്യാലയങ്ങളുടെ ഭൗതികാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനോടൊപ്പം പൊതുസമൂഹത്തിന്റെ പിന്തുണയോടെ അക്കാദമിക മികവിലേക്കുയരുന്ന പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.

* എല്ലാ വിഭാഗം കുട്ടികളെയും പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
* അറിവിന്റെ കേവല വിലയിരുത്തലിന് പകരം നേടിയ അറിവുകൾ വ്യത്യസ്ത സന്ദർഭങ്ങളിൽ ഫലപ്രദമായി പ്രയോജനപ്പെടുത്തുവാൻ കഴിയുന്ന കഴിവും വിലയിരുത്തുക.
* വിദ്യാലയ സമിതികൾ മറ്റ് വകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയിലൂടെ സഹകരണവും പിന്തുണയും ഉറപ്പാക്കുക.

## ബ്രിഡ്ജ് കോഴ്സ്

2024-25 അധ്യയനവർഷം 8-ാം ക്ലാസിൽ പൊതുപരീക്ഷയിൽ സബ്ജക്ട് മിനിമം മാർക്ക് നേടാൻ കഴിയാത്ത കുട്ടികൾക്ക് അവധിക്കാലപഠന പിന്തുണകൾ നൽകി. ഒപ്പം 4-ാം ക്ലാസ് മുതൽ 9-ാം ക്ലാസ് വരെയുള്ള കുട്ടികൾക്കും അധികപിന്തുണ നൽകി.

## ഭൗതികസാഹചര്യം

ഗവ. ഹൈസ്കൂൾ പാലിശ്ശേരിയിൽ പ്രീ പ്രൈമറി കുട്ടികളുടെ മാനസികവും ശാരീരികവുമായ വികാസത്തിന് 'വർണ്ണക്കൂടാരം' നടപ്പിലാക്കി. ക്ലാസുകൾ ശിശുസൗഹാർദ്ദമായി. സയൻസ് ലാബ് പ്രവർത്തനക്ഷമമായി. 2025-26 അധ്യയനവർഷം വിദ്യാലയത്തിലെ ഭൗതികാന്തരീക്ഷം തുടർന്നും മെച്ചപ്പെടുത്തേണ്ടതുണ്ട്. 1-മുതൽ 10 വരെയുള്ള കുട്ടികളുടെ ശാരീരികവും മാനസികവുമായ ഉല്ലാസത്തിന് കളിസ്ഥലവും അതിലേക്കാവശ്യമായ ഉപകരണങ്ങളും മെച്ചപ്പെടുത്തേണം. കായികാധ്യാപകനെ നിയമിക്കണം. കൗമാരക്കാരായ പെൺകുട്ടികളുടെ മാനസികവും ശാരീരികവുമായ വികസനത്തിന് ഷീ-ജിം മെച്ചപ്പെടുത്തണം. ശാസ്ത്ര ലാബുകൾ കമ്പ്യൂട്ടർ ലാബുകൾ വിപുലീകരിക്കണം.

## പ്രവർത്തനകലണ്ടർ

| | പരിപാടിയുടെ പേര് | നിർവ്വഹണകാലയളവ് |
|---|---|---|
| 1. | എന്റെ പിറന്നാൾ പുസ്തകം | ജൂൺ - മാർച്ച് |
| 2 | വായനോത്സവം | ജൂൺ - മാർച്ച് |
| 3. | സംയുക്തഡയറി | ജൂലൈ - മാർച്ച് |
| 4. | പാട്ടരങ്ങ് | ആഗസ്റ്റ് - മാർച്ച് |
| 5. | രചനോത്സവം | നവംബർ - മാർച്ച് |
| 6. | റീഡേഴ്സ് തീയേറ്റർ | നവംബർ - മാർച്ച് |
| 7 | കഥോത്സവം | ആഗസ്റ്റ് - മാർച്ച് |
| 8 | അക്ഷരക്കൂട്ടം (വായനക്കൂട്ട്) | ആഗസ്റ്റ് - മാർച്ച് |
| 9. | ക്ലാസ്സ് പത്രം | ഡിസംബർ |
| 10 | സചിത്രപുസ്തകം - കുഞ്ഞെഴുത്ത് | ജൂൺ - മാർച്ച് |

## പ്രവർത്തനവിശദാംശങ്ങൾ

* 'എന്റെ പിറന്നാൾ പുസ്തകം'

കുട്ടികളുടെ പിറന്നാൾ ദിനത്തിൽ ഒരു കുഞ്ഞുപുസ്തകം സമ്മാനമായി തരുന്നതിലൂടെ പുസ്തകശേഖരണം നടത്തി ക്ലാസ്സ് ലൈബ്രറി വിപുലപ്പെടുത്തുന്നു. ഒഴിവുസമയങ്ങളിൽ കുട്ടികൾക്ക് വായനയ്ക്കുള്ള അവസരം നൽകുന്നു.

* വായനോത്സവം

സംയുക്തവായനയിൽ (അക്ഷരം കുഞ്ഞും) തുടങ്ങി ബാലസാഹിത്യകൃതികളുടെ വായനയിൽ അവസാനിക്കുന്ന പ്രവർത്തനങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ക്ലാസ്സ് ലൈബ്രറി ക്രമീകരിക്കാൻ, ഓരോ കുട്ടിയും ഒരു പുസ്തകം കൊണ്ടുവരുന്നു. അമ്മ വായിച്ചു കേൾപ്പിച്ച കഥ ക്ലാസ്സിൽ പറയുന്നു. വീഡിയോ ക്ലാസ്സിൽ ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു. വായിച്ച കഥയിലെ ഇഷ്ടകഥാപാത്രത്തെ ചിത്രീകരിക്കുന്നു.

പേരെഴുതുന്നു. വായിക്കുന്നു.

സംയുക്തഡയറി:

കുട്ടിയുടെ ഒരു ദിവസത്തെ വിശേഷങ്ങൾ രക്ഷിതാവിന്റെ സഹായത്തോടെ ഡയറിരൂപത്തിൽ എഴുതുന്നു. എഴുത്തിന്റെ ആദ്യഘട്ടത്തിൽ കുട്ടി പെൻസിൽ കൊണ്ടും രക്ഷിതാവ് പേന കൊണ്ടും എഴുതുന്നു. കുട്ടിക്ക് അറിയാത്ത അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ പേന കൊണ്ട് എഴുതി രക്ഷിതാവിന് സഹായിക്കാം. ചിത്രങ്ങൾ വരക്കാം.

* പാട്ടരങ്ങ്:

പാഠഭാഗവുമായി ബന്ധപ്പെട്ടതോ അല്ലാത്തതോ ആയ പാട്ടുകൾ താളം പിടിച്ച് പാടുന്നു. പാട്ടരങ്ങ് സംഘടിപ്പിക്കുന്നു. ക്ലാസ്സ് പി.ടി.എ.യിൽ അവതരിപ്പിക്കുന്നു.

* രചനോത്സവം:

കുട്ടികളുടെ രചനകൾ പതിപ്പ് ആക്കി മാറ്റുന്നു. കഥ, കവിത എന്നിവ കുട്ടികൾ സ്വതന്ത്രമായി എഴുതുന്നു. പ്രകാശനം ചെയ്യുന്നു.

* റീഡേഴ്സ് തിയേറ്റർ:

സംഭാഷണരൂപത്തിലുള്ള കഥാസന്ദർഭം കുട്ടികൾ ഗ്രൂപ്പായി വായിക്കുന്നു. ഒരു കുട്ടി ഒരു കഥാപാത്രമായി വായിക്കുന്നു.

* കഥോത്സവം:

രക്ഷിതാവ് വായിച്ചു കേൾപ്പിച്ചതോ കേട്ടതോ ആയ കഥകൾ കുട്ടികൾ അവതരിപ്പിക്കുന്നു.

* വായനക്കൂട്

വായനമൂലയിൽ വായനക്കാർഡുകൾ, ചെറിയ കഥകൾ ഉൾപ്പെടുത്തി എല്ലാ ദിവസവും നിശ്ചിത സമയം വായിക്കുന്നു.

* ക്ലാസ്സ് പത്രം

സ്കൂളിലോ ക്ലാസ്സിലോ നടന്നതായ സംഭവങ്ങൾ പത്രവാർത്തയായി എഴുതുന്നു.

## പരിസര പഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുന്നു. | ഓരോ ക്ലാസ്സിലും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നു. അസംബ്ലിയിൽ പരിചയപ്പെടുത്തുന്നു. | ജൂൺ - ഫെബ്രുവരി. | Class teacher |
| ശാസ്ത്രപഠന താൽപര്യങ്ങൾ വളർത്തുക. | ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നു. പരീക്ഷണങ്ങൾ പാഠഭാഗവുമായി ബന്ധപ്പെടുത്തി ക്ലാസ്സിൽ ചെയ്യുന്നു. | ജൂൺ- മാർച്ച് | Class teacher |

## ക്ലാസ് 1
## ഗണിതം

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ |
|---|---|---|---|---|
| | വസ്തുക്കളെ താരതമ്യം ചെയ്യുന്നതിന് | ചിത്രങ്ങൾ നിരീക്ഷിച്ചും വസ്തുക്കൾ താരതമ്യം ചെയ്തും കളികളിലേർപ്പെട്ടും കണ്ടെത്തൽ | ജൂൺ | അധ്യാപിക |
| | കൂട്ടങ്ങളെ താരതമ്യം ചെയ്യുന്നതിന് | ചുറ്റുപാടും നിരീക്ഷിച്ച് കളികളിൽ ഏർപ്പെട്ട് കൂട്ടങ്ങളുടെ സവിശേഷതകൾ കണ്ടെത്തുന്നു. മഞ്ചാടി സഞ്ചി തയ്യാറാക്കൽ | | " |
| 3 | സംഖ്യകളെ അവയുടെ വലിപ്പത്തിനനുസരിച്ച് ക്രമീകരിക്കൽ | • പ്രയോഗിക സന്ദർഭങ്ങളിൽ ഇടപെട്ട് 1 മുതൽ 9 വരെയുള്ള സംഖ്യകളെ താരതമ്യം ചെയ്യുന്നു. • ഗണിത പ്രവർത്തന പുസ്തകത്തിലെ പ്രവർത്തനങ്ങൾ | ജൂൺ ആഗസ്റ്റ് | " |
| 4 | 1 മുതൽ 10 വരെയുള്ള സംഖ്യകളെ വ്യത്യസ്ത കൂട്ടങ്ങളാക്കൽ | കളികളിലൂടെയും സ്കിറ്റിലൂടെയും ആഖ്യാനത്തിലൂടെയും വിവിധ വസ്തുക്കൾ ഉപയോഗിച്ച് ഒരോ സംഖ്യയെയും വ്യത്യസ്ത കൂട്ടങ്ങളാക്കുന്നു. ഗണിതപ്രവർത്തന പുസ്തകത്തിലെ പ്രവർത്തനങ്ങൾ | ജൂൺ സെപ്റ്റംബർ | " |

| | | | | |
|---|---|---|---|---|
| 5 | രണ്ടോ അതിൽ അധികമോ കൂട്ടങ്ങളിൽ ആകെ എത്ര എന്നു കണ്ടെത്തൽ | ക്ലാസിൽ ഉണ്ടാക്കിയ കടയിൽ നിന്ന് കുട്ടികൾ വസ്തുക്കൾ വാങ്ങുന്നതിലൂടെ നേരിട്ട് പ്രായോഗികമായി പ്രശ്നങ്ങൾ പരിഹരിക്കുന്നു. | ഫെബ്രുവരി | ക്ലാസ് ടീച്ചർ |
| | ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി. പരിഹാര ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ. |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം

Std 2

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാവികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്‌തല മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

## പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
* രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
* ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുന്നു.
* ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുക

ഇല്ലാത്ത ക്ലാസ്നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
* ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
* ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം)

## മുന്നൊരുക്കം

* പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
* കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ, എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

## പ്രവർത്തന ലക്ഷ്യം

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

## ജൂൺ

* ചിത്രകാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)
* ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ.
* വായനാ സാമഗ്രികൾ നിർമിക്കൽ
* വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.

## ജൂലൈ

* ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യതകൾ ഉറപ്പാക്കുന്നു.
* സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

## ആഗസ്ത്

* ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
* രക്ഷിതാക്കളുടെ സഹായം ഉറപ്പു വരുത്തൽ.
* വീട്ടു ലൈബ്രറി ഒരുക്കൽ
* ചിത്ര വിവരണം
* വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

## സെപ്റ്റംബർ

* വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ.
* വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ.
* വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ.
* വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ.

## ഒക്ടോബർ

* കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ.
* വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന നിർദേശങ്ങൾ നൽകുന്നു.

ഉദ :- ആന
വലിയ ആന
കറുത്ത വലിയ ആന

## നവംബർ

* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

## ഡിസംബർ

* ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
* ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട്

വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

## ജനുവരി

* വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ. (കവിതാപൂരണം)
* ലഘുവിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ.

## ഫെബ്രുവരി

* എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ. (ഭാഷണം, ലേഖനം, എഴുത്ത്)
* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

## മാർച്ച്

* വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.
* ഇൻലന്റ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ.
* ഓരോ കുട്ടിക്കും ഓരോ പതിപ്പ്, കൈയ്യെഴുത്തു മാസിക, മാഗസിനുകൾ തയ്യാറാക്കൽ.
* വീട്ടുവായന, കൂട്ടുവായന, നാട്ടുവായന അമ്മവായന ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ.

മേഖല - അക്കാദമികം
ഉപമേഖല - ഗണിതം
ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്ത ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ)<br>ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ) | ആഴ്ചയിൽ ഒന്നു വീതം<br>മാസത്തിൽ ഒന്നു വീതം | SRG ക്ലാസ് ടീച്ചർ | SSA |

ഗണിത കേളികൾ

ലക്ഷ്യ പ്രസ്താവനകൾ

* കുട്ടികൾക്ക് ഗണിത കളികളിൽ താല്പര്യമുണ്ടാകുന്നു
* ഗണിത പഠനത്തിൽ താല്പര്യമുണ്ടാകുന്നു.

യുക്തിബോധം വളർത്തുന്നു.

പ്രവർത്തനങ്ങൾ:

വ്യത്യസ്തമായ LO ക്ക് അനുയോജ്യമായ ഗണിത
കളിൽ ഏർപ്പെടുന്നു.

കൂട്ടുകാരെ കണ്ടെത്താം (സങ്കലനം)

ഡോമിനോ കളികൾ (വ്യവകലനം)

ബോൾ കളി (ഗുണനം)

കാലാവധി - ജൂൺ - മാർച്ച്

ചുമതലകൾ

ക്ലാസ് ടീച്ചർ

SRG

സാമ്പത്തികം

CPTA

SSK (Rs. 2000/-)

ഗണിത കിറ്റ്

ലക്ഷ്യ പ്രസ്താവനകൾ

ELPS മുഖേന ഗണിത ശേഷികൾ എളുപ്പത്തിലും
സുകരവുമാക്കുന്നതിന്

ഗണിതം ആസ്വാദ്യകരമാക്കുന്നതിന്

പ്രവർത്തനങ്ങൾ:

10ന്റെ കെട്ടുകൾ, മഞ്ചാടി, പുളിങ്കുരു, സ്ട്രോ, മുത്തുകൾ

സോഡാ കുപ്പിയുടെ അടപ്പുകൾ, കളിനോട്ടുകൾ
എന്നിവ അടങ്ങിയ കിറ്റുകൾ എല്ലാ കുട്ടികളുടെ
കയ്യിലും ഗണിത കിറ്റിൽ ഉൾപ്പെടുത്തുന്നു.

കാലയളവ്:

ജൂൺ - മാർച്ച്

ചുമതലകൾ:

ടീച്ചർ, രക്ഷിതാവ്

സാമ്പത്തികം.

PTA

SSK RS. 3000/-

മേഖല - അക്കാദമികം. ഉപമേഖല - EVS ക്ലാസ് 2.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവ്വേ ക്ലാസുകൾ പോസ്റ്റർ രചനാ മത്സരം അവതരണങ്ങൾ | ജൂൺ - ജൂലൈ | ക്ലാസ് ടീച്ചർ SRG SMC | SMC |
| പ്രകൃതിയെ അറിയാൻ | പ്രകൃതിനടത്തം കാവ്യ വെംഗ്ലാ വിലേക്ക് | സപ്തംബർ ഡിസംബർ | ടീച്ചേഴ്സ് SRG SMC | SMC |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം. കൃഷിയിടത്തിലേക്ക്, നൃക്ഷം കൾ ചീകരാവാം. | ജനുവരി | SRG SMC നാട്ടുകാർ | SMC |

പരീക്ഷണങ്ങൾ

ലക്ഷ്യപ്രസ്താവനകൾ.

ശാസ്ത്ര പഠനം ആസ്വാദ്യകരമാകുന്നു.

അപഗ്രഥിച്ച് നിഗമനത്തിലെത്താൻ കുട്ടി സ്വയം പ്രാപ്തനാകുന്നു.

വ്യത്യസ്ത ഉപകരണങ്ങൾ സൂക്ഷ്മത, കൃത്യത പാലിച്ച് കൊണ്ട് കൈകാര്യം ചെയ്യാൻ പ്രാപ്തരാകുന്നു.

യുക്തി ചിന്ത വളർത്തുന്നു.

പ്രവർത്തനങ്ങൾ

പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സ്വയം ചെയ്യുന്നതിനും പുതിയത് രൂപകൽപ്പന ചെയ്യുന്നതിനും കഴിയുന്നു.

കാലയളവ്:

ജൂൺ - ഫെബ്രുവരി.

ചുമതലകൾ:

ക്ലാസ് ടീച്ചർ.

CPTA.

സാമ്പത്തികം.

SSK

PTA

Rs. 5000/-

ലഘു പ്രോജക്ട്:

ലക്ഷ്യപ്രസ്താവനകൾ:

കുട്ടികളിൽ ശാസ്ത്ര ചിന്തയും യുക്തി ചിന്തയും വളർത്തുക.

**പ്രവർത്തനങ്ങൾ**

എല്ലാ കുട്ടികളും പരീക്ഷണങ്ങൾ ചെയ്യാനുള്ള ഒരു കിറ്റ് സ്വന്തമായി ശേഖരിക്കുന്നു. പാഠഭാഗത്തിൽ വരുന്ന വ്യത്യസ്തമായ പരീക്ഷണങ്ങൾ ഈ കിറ്റ് ഉപയോഗിച്ച് ഓരോരുത്തരും ചെയ്യുന്നു.

കാലയളവ് - ജൂൺ - മാർച്ച്

**ചുമതലകൾ**

ക്ലാസ് ടീച്ചർ

SRG

PTA

**സാമ്പത്തികം** (PTA, SSK)

Rs. 2000/-

രക്ഷിതാക്കൾക്ക് ശില്പശാല

**ലക്ഷ്യ പ്രസ്താവന**

പഠനത്തിൽ കുട്ടികളെ ക്രിയാത്മകമായി സഹായിക്കുക.

പാഠഭാഗങ്ങളും പാഠവസ്തുക്കളും സ്വയം തിരിച്ചറിഞ്ഞ് സ്വന്തം കുട്ടികളുടെ പഠനത്തിൽ സഹായിക്കുക.

**പ്രവർത്തനങ്ങൾ**

പാഠഭാഗത്തിൽ വരുന്ന വ്യത്യസ്തമായ പ്രവർത്തനങ്ങൾ ചെയ്യേണ്ട വിധവും സംയുക്ത ഡയറി, ചിത്രപുസ്തകം, ഗണിത കിറ്റ്, ശാസ്ത്രകിറ്റ്, എന്നിവ തയ്യാറാക്കുന്ന വിധം രക്ഷിതാക്കൾക്ക് അവബോധമുണ്ടാക്കുന്നു.

## പ്രവർത്തനങ്ങൾ

കുട്ടികൾ നേരിടുന്ന പഠന പ്രശ്നങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് നിരീക്ഷണം, താരതമ്യം. വർഗീകരണം, അപഗ്രഥനം എന്നീ ഘട്ടങ്ങളിലൂടെ നിഗമനത്തിലെത്തുവാൻ പ്രാപ്തരാകുന്നു.

നേരിടുന്ന പ്രശ്നങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നു.

കാലയളവ് - ജൂൺ - മാർച്ച്

## ചുമതലകൾ

ക്ലാസ് ടീച്ചർ

SRG

PTA

സാമ്പത്തികം

PTA

SSK Rs. (1000/-)

## പരീക്ഷണകിറ്റ്

## ലക്ഷ്യപ്രസ്താവനകൾ

എല്ലാ കുട്ടികൾക്കും ശാസ്ത്രപരീക്ഷണങ്ങൾ സ്വന്തമായി ചെയ്യുന്നതിന്

വ്യത്യസ്തമായ ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാകുന്നു.

ശാസ്ത്രപഠനത്തിൽ ആത്മവിശ്വാസം വളർത്തുക.

വിജയസ്പർശം:

ലക്ഷ്യപ്രസ്താവനകൾ

എല്ലാ കുട്ടികളെയും എഴുത്തിലും വായനയിലും പ്രാപ്തരാക്കുക.

പ്രവർത്തനങ്ങൾ:

സ്കൂൾ സമയത്തിന് പുറമെയുള്ള സമയം കണ്ടെത്തി പ്രയാസം നേരിടുന്ന കുട്ടികളെ ആവശ്യമായ കൈത്താങ്ങ് നൽകുക.

വർക്ക്ഷീറ്റുകളും പ്രവർത്തിച്ച് പഠിക്കാനുള്ള മറ്റ് സാധനങ്ങളും പഠനത്തിനായി ഉപയോഗിക്കുന്നു.

കളിരീതിയിൽകൂടിയുള്ള പഠനത്തിന് മുൻതൂക്കം നൽകുന്നു.

കാലയളവ് ജൂൺ-ഫെബ്രുവരി.

പാനീയമേള

ലക്ഷ്യപ്രസ്താവന:

കടയിൽ നിന്ന് വാങ്ങുന്ന കുപ്പികളിൽ വാങ്ങുന്ന പാനീയങ്ങൾ ആരോഗ്യത്തിന് ഹാനികരമാണെന്ന് തിരിച്ചറിയുന്നതിന്.

ചുറ്റുപാടും ലഭ്യമായ സാധനങ്ങൾ ഉപയോഗിച്ച് ആരോഗ്യത്തിന് ഹാനികരമല്ലാത്ത പാനീയങ്ങൾ ഉണ്ടാക്കാമെന്ന് തിരിച്ചറിയുന്നതിന്

പ്രവർത്തനങ്ങൾ:

SRG യുടെയും CPTA യുടെയും OS യുടെയും പിന്തുണയോടെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പാനീയമേള സംഘടിപ്പിക്കുന്നു.

Academic master plan

English:

Aim: To speak, read, & write English without any mistakes

Time: June, July, August

June:

Pre test

To develop listening skills & reading skills first

Listening skills

Games, Action songs Hello English activities

2. conversations, skit stories

Use ICT

speaking skills

Descriptions, growing sentences, picture reading picture reading, picture description self introduction Assembly activities speech. book review quiz riddles, self introduction, School radio etc.

July & August

Reading skills

Newspaper reading, library books reading book review, reading breaking news, find words collect and read past tense, rhyming words, describing words etc. text book activities.

writing skills

make word web, picture description word chain sentence to chain, make words &

sentences make riddles conversations, Add more lines develop ~~stories~~ story description, notice proclamation, diary letter announcement, magazines.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

ക്ലാസ് : മൂന്ന് വിഷയം : ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 മുതൽ 1000 വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പാക്കുന്നു | • ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം<br>• സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു. | 2 ആഴ്ച | | |
| | • സംഖ്യകളെ അബാക്കസിൽ രേഖപ്പെടുത്താം.<br>• ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കാം. | ജൂൺ | | |
| • ചതുഷ് ക്രിയകൾ ഉറപ്പിക്കുന്നു. | വിവിധ ക്രിയകൾ അടങ്ങിയ പഠന ചാർട്ടിൽ പ്രദർശിപ്പിക്കുന്നു | ജൂലൈ- മാർച്ച് | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

ക്ലാസ് : മൂന്ന് — വിഷയം: മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | 1) കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അദ്ധ്യാപകർ SMC | SMC |
| | 2) പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ ഡിസംബർ | അദ്ധ്യാപകർ SMC | SMC |
| | 3) ചിത്ര ഗ്യാലറി | ജനുവരി | മദർ പി.ടി.എ ക്ലബുകൾ | |
| വായനാ പരിപോഷണം | 1) പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തകശേഖരണം | നവംബർ | വായനശാല SMC SRG | ക്ലബ് SMC SRG |
| | 2 വായനക്കുറി | ആഴ്ചയിലൊന്ന് | | |
| | 3 നാട്ടുവായന- പ്രദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഗസ്റ്റ് | ക്ലബുകൾ സാഹിത്യക്ലബ് | വായനശാല |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല രസകരമായി ഗണിതപഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും രൂപങ്ങൾ നിർമ്മിക്കൽ പ്രദർശിപ്പിക്കൽ | ജൂൺ- ഒക്ടോബർ | SRG PTA | SSA |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം | ജനുവരി | SRG ക്ലാസ്ടീച്ചർ | SSA staff SMC |

# പരിസരപഠനം

Std. IV

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
| --- | --- | --- | --- |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക. | * പ്രകൃതി നടത്തം | * ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം.<br>* പ്രത്യേകതകൾ മനസ്സിലാക്കാം.<br>* വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം.<br>* ജീവികളുടെ പരസ്പരാശ്രയത്വം ചർച്ച.<br>* നമുക്ക് ചുറ്റുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം, സ്വയം തിരുത്താം.<br>* പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം.<br>* തെറ്റും, ശരിയും ചർച്ച ചെയ്യാം. | ജൂൺ - ഒക്ടോബർ |

| | | | |
|---|---|---|---|
| * വ്യക്തി ശുചിത്വവും പരിസര ശുചിത്വവും | * ദിനകൃത്യങ്ങൾ | * ഓരോ ദിനവും, പ്രഭാത കൃത്യങ്ങൾ കഴിഞ്ഞ് സ്കൂളിൽ വരാവു എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>* കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു. | ജൂൺ - മാർച്ച് |
| | * ശുചിത്വ ശീലങ്ങളുമായി ബന്ധപ്പെട്ട മത്സരങ്ങൾ | * ക്ലാസ് തലത്തിൽ ശുചിത്വ മത്സരം<br>* വ്യക്തി ശുചിത്വം, ക്ലാസ് റൂം, പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. | ജൂലൈ - മാർച്ച് |

| | | | |
|---|---|---|---|
| * വ്യക്തി ശുചിത്വവും, പരിസര ശുചിത്വവും | * പരിസര നടത്തം | * നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം തൊട്ടറിയാം. <br> * മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്താം <br> * പരിസ്ഥിതി സംരക്ഷണ ബോധിക്കും. | ജൂൺ - ഡിസംബർ. |
| | * നല്ല ശീലം | * പോസ്റ്ററുകൾ ഉണ്ടാക്കാം <br> * പരിസരങ്ങളിൽ പതിക്കാം. | ജൂലൈ - മാർച്ച് |
| * ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക. | * ഫീൽഡ് ട്രിപ്പ് | * നമ്മുടെ നാടിനെ, പരിസ്ഥിതിയെ തൊട്ടറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. <br> (കുളം, വയൽ, കാട് etc.) | ജനുവരി - മാർച്ച് |

| | | | |
|---|---|---|---|
| | * പരീക്ഷണങ്ങൾ | * ശാസ്ത്രകുതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ഡിസംബർ-ഫെബ്രുവരി. |
| | * ശാസ്ത്രജ്ഞനോടൊപ്പം | * ക്ലാസ്<br>* വിദഗ്ദ്ധ ശാസ്ത്ര അദ്ധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു | ഡിസംബർ-ഫെബ്രുവരി. |
| | * പക്ഷിനിരീക്ഷണം. | * ക്ലാസ്<br>* പക്ഷി നിരീക്ഷണത്തിന് അവസരം. | ജനുവരി-മാർച്ച് |

# അക്കാദമിക മാസ്റ്റർ പ്ലാൻ ക്ലാസ് 4 ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം ഗണിക്കാം** | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പാക്കൽ<br>മൂല്യനിർണയം. (പകുതിയും പാതിയും, ഡൈസ് കളി)<br>സങ്കലനം - വ്യവകലനം (കച്ചവടക്കളി) | വർഷം മുഴുവനും | SRG<br>ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ - കരചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം - പ്രദർശനം | വർഷത്തിലെ ദിനങ്ങൾ (ഉചിത മായ സമയത്ത്) | ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| ഗണിത ലാബ് | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവനും | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| ഗണിത പഠനോപകരണ ശില്പശാല | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| ഗണിതമേള | | | | |
| ഗണിതശേഷികളുടെ പ്രകടനം | പ്രശ്നോത്തരി<br>പസിൽ<br>പാറ്റേൺ<br>പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

| Sl.No | Programme | Activity | Duration | ഉൽപന്നം | പിന്തുണ |
| --- | --- | --- | --- | --- | --- |
| | | അക്കാദമിക് മാസ്റ്റർപ്ലാൻ - ഹിന്ദി | | | |
| 1 | UP തലത്തിലെ പിന്നോക്കക്കാരിൽ അക്ഷരങ്ങളും പദങ്ങളും വാക്യങ്ങളും ഉറപ്പിക്കൽ. | • അക്ഷരപ്പയറ്റ്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്<br>• classൽ അക്ഷരങ്ങളുടെ പ്രദർശനം<br>• അക്ഷരമാല കളികൾ.<br>• വാക്കുകൾ നിർമ്മാണം.<br>• വാക്കുകൾ പിന്നിലെ ക്രിയകൾ.<br>• വാക്യങ്ങൾ നിർമ്മാണം. | June to August | അക്ഷര ചാർട്ട് പദശേഖരം. | BRC<br>DIET<br>SCERT<br>സ്കൂളിലെ അധ്യാപകർ. |
| 2. | ഹിന്ദി ഭാഷ പഠിക്കാൻ ലളിതം. ശ്രവണം ലേഖനം ഉപയോഗിച്ചും ഇതര വസ്തുക്കളിലൂടെ പഠനം | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹ ഉപകരണങ്ങൾ തുടങ്ങിയവയുടെ വസ്തുക്കളുടെ പേരുകൾ ഹിന്ദിയിൽ അറിയാം.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിചയപ്പെടുത്താനുള്ള പ്രവർത്തനം. | September to October. | ഹിന്ദി നിഘണ്ടു. | PTA, BRC Resource teacher. |

| | | | | |
|---|---|---|---|---|
| ഹിന്ദിയിൽ പഠിക്കുക. | • CWSN കുട്ടികളുടെ പങ്കാളിത്തം | | | |
| 5. അനുഭവങ്ങൾ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ഉള്ള സ്വന്ത ഭാഷ (രാഷ്ട്ര ഹിന്ദി) | • ഹിന്ദി അസംബ്ലി.<br>• ദിനാചരണങ്ങൾ<br>• ക്ലാസ് ലൈബ്രറി<br>• കവിതാലാപനം, സാഹിത്യകൾ<br>• ചിത്രസമാഹാരങ്ങളുടെ ചിത്രകഥ എഴുതൽ<br>• ചിത്രം - അടിക്കുറിപ്പ്<br>• ചിത്രം - കഥ പറയൽ<br>• ചിത്രം - കഥ എഴുതൽ<br>• കഥ - പൂർത്തിയാക്കൽ<br>• വായനക്കൂട്ടം<br>• ഹിന്ദി ക്ലബ് - പ്രവർത്തനങ്ങൾ | NOVEMBER to February | അദ്ധ്യാപകർ | BRC<br>DIET<br>PTA<br>SCERT |

മേഖല സൂചി - ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| 1) കുട്ടികൾക്ക് ഗണിത [illegible] ഉപകരണങ്ങളും ഉറപ്പ് വരുത്തുന്നു. | ഗണിത ശില്പശാല<br>ക്ലാസ്സിൽ നിർമ്മിച്ച് കുട്ടികൾക്ക് ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, ജ്യാമിതീയ രൂപങ്ങൾ, മുത്തുകൾ, ഫ്ലാഷ് കാർഡ്... ഉപയോഗിക്കുന്നു. | ജൂൺ | ഗണിത അധ്യാപകർ | |
| 2) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ എല്ലാ ക്ലാസ്സിലും ഗണിതപാഠ സഹായികൾ, ഗണിത ക്വിസ് നടത്തൽ. | [illegible] - [illegible] | ഗണിത അധ്യാപകർ. | |
| 3) ഗണിത ക്ലബ്ബ് രൂപീകരണം. | ഗണിത പാർക്ക്<br>കുട്ടികൾക്ക് [illegible] നൽകി [illegible] പാർക്ക് സജ്ജമാക്കൽ. | ഒരു വർഷം. | ഗണിതക്ലബ്ബ്. | |
| 4) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർധിപ്പിക്കൽ. | ഗണിത ക്വിസ്.<br>ഗണിത പസിലുകൾ [illegible] | [illegible] | ഗണിതക്ലബ്ബ് | പി.ടി.എ. |

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| 5) ആധുനിക സാങ്കേതിക വിദ്യാഭ്യാസങ്ങൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐടി സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, സംഖ്യാബോധം പോലുള്ള പ്രവർത്തനങ്ങൾ ഐടിസാധ്യതകൾ ഉപയോഗപ്പെടുത്തി കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ പരിശ്രമിക്കുന്നു. | ആവശ്യമുള്ളപ്പോഴും. | ഗണിത അധ്യാപകർ | PTA. |
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കൽ. | ഗണിത ക്ലിനിക്<br>ഗണിത ക്ലിനിക്കിന് ആരംഭം. നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, മെന്ററിംഗ് ചെയ്യുന്നു. മുൻനിരയിലേക്കെത്തുന്ന കുട്ടികളും. ശേഷം ഒന്ന് മത്സരപരീക്ഷകൾക്ക് സജ്ജരാക്കുന്നു. | | ഗണിത (SRG) ചാർജ് പ്രധാനാധ്യാപകർ | |
| 8) വിവിധ മേഖലകളുടെ വികസനം. | ഗണിതോത്സവം.<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങൾ വിപുലീകരിച്ചുകൊണ്ട് നടത്തുന്നു.<br>ഗണിതശാസ്ത്രമേള<br>ഗണിത ശില്പശാല | ഡിസംബർ.<br>രണ്ടുമാസത്തിലൊരിക്കൽ. | | PTA. |

യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആഴത്തിൽ പരിശോധിക്കൽ നേടിയെടുക്കൽ | അന്തർദേശീയ തലം മുതൽ നദികൾ, ആവാസവ്യവസ്ഥ, ജലം, കാലാവസ്ഥ, കാർഷിക മേഖലകൾ എന്നിവ അടിസ്ഥാനമാക്കി ICT സാധ്യത ഉപയോഗപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ (ക്വിസ്, memory test) നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual Field Trip ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ജനാധിപത്യപരമായ ജീവിതരീതി പഠനം രൂപപ്പെടുത്തുന്നു | ഗ്രൂപ്പ് വർക്ക് നടത്തിയതിൽ തെരഞ്ഞെടുപ്പിലൂടെ ഒരു ടീം ജനാധിപത്യരീതിയിലൂടെ രൂപീ സ്ഥാനം നൽകി മനസ്സിലാക്കുന്നു | അവസരത് | രക്ഷിതാക്കൾ സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| സഹജീവികളോട് സഹാനുഭൂതി വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, വൃദ്ധസദനങ്ങൾ തുടങ്ങിയവ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സഹായം ചെയ്യാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ. |

| | | | |
|---|---|---|---|
| വിവരസാങ്കേതിക വിദ്യയുടെ വിവിധ ഉപയോഗങ്ങളെ കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും വിദ്യാർത്ഥിക ളെ ബോധവാന്മാരാക്കുന്നു. | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷയെ പറ്റിയും റോഡ് സുരക്ഷയെ പറ്റിയും ബോധ വൽക്കരണ ക്ലാസുകൾ സംഘടി പ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര ക്ലബ്, അധ്യാ പകർ. |
| സാമൂഹ്യശാസ്ത്ര വിഷയങ്ങളെ കുറിച്ചും പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | കുട്ടികളിലെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന പത്ര ക്വിസ്, ചോദ്യോത്ത രമത്സരങ്ങൾ എന്നിവ സംഘടി പ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാ സ്ത്ര അധ്യാ പകർ |

# UP- ENGLISH.

Name of the teacher: Reshma Mukundhan.

## Introduction

The classroom atmosphere must be organised in such a way as to make the learners participate in the learning activities. Learning process should aim at the all-round development of the learner. They might have some loss of basic skills. There may be learning gap and so many challenges among students regarding the different skills of language. The following are some activities to develop these skills and overcome the challenges.

## Objectives

- ☆ To include all students in English language learning process.
- ☆ To enrich and enhance the language proficiency of the learner.
- ★ To support and motivate the slow learners by scaffolding.
- ☆ To make the learning process enjoyable by group level competitions and peer group learning.

Target Students : All Students.

Time Duration : June to February.

Programme for English language Enhancement.

| | Area | Activities | Duration | Responsiblity | Finance |
|---|---|---|---|---|---|
| 1 | Listening<br>Reading<br>Pronounciation. | • Narrate Simple stories in the class and ask questions based on it<br>• Follow me if you can: Act according to the given instructions.<br>• Provide tongue twisters<br>• Card reading Competion (Simple poems and stories).<br>• News reading. | June – July. | English teacher. | |
| 2 | Reading skill.<br>Writing. | Reader of the month: Give opportunities to read news papers and Passages from books and Select Reader of the month<br>• English Assembly.<br>• Collabrative story telling<br>• Story writing, Poem writing.<br>• Class library.<br>• Preparing news report. | June – August | English teachers. | |

| | | | |
|---|---|---|---|
| . Vocabulary | • Word of the day.<br>• Word ladder game<br>• Cross word puzzles.<br>• Find out synonyms and antonyms. | June – January. | English teachers. |
| 4 Speaking. | • Just a minute talk on a simple topic (JAM)<br>• Debate<br>• Story telling.<br>• Role play based on textual units.<br>• Reels based on the textual lessons.<br>• Funtime Funda: Write Proverbs, Riddles and idioms on chart and display them in the class.<br>• Conduct conversation between students based on given situations. | August-February | English teachers. |

# അക്കാദമിക മാസ്റ്റർ പ്ലാൻ യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിതസാഹചര്യങ്ങളിൽനിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ജൈവ വൈവിധ്യ പാർക്ക് – ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, കുളം, ജൈവവേലി എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | പരീക്ഷണക്കളരി – നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രതത്വങ്ങൾ ആസ്വദിക്കുന്ന പരീക്ഷണക്കിറ്റുകൾ നിർമ്മിക്കുന്നു പരീക്ഷണക്കിറ്റുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | മാസ്റ്റർ മൈൻറ് – ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് എന്നിവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |

| | | | |
|---|---|---|---|
| | ശാസ്ത്രവിസ്മയ ചുമർ - ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമികവർഷം | ശാസ്ത്രാധ്യാപകർ |
| | യുറേക്കാ - കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ |
| 3) ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനികശാസ്ത്ര സാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | വിസ്മയ യാത്ര - ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്ര കാരന്മാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ |

| | | | |
|---|---|---|---|
| | എക്സ്പോ- എക്സ്പോൾ | | |
| | ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |
| | മുഖാമുഖം - ശാസ്ത്രമേഖലയിലെ പ്രമുഖ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര അവബോധവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരമൊരുക്കുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | PTA, സയൻസ് ക്ലബ്ബ് |

# അക്കാദമിക് മാസ്റ്റർപ്ലാൻ - മലയാളം UP.

| മേഖല | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | ചിന്തനം. |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീടെസ്റ്റ്<br>അക്ഷരക്കൂട്ടിക്കൽ<br>അക്ഷരകാർഡ് (വായന) വായനാകാർഡ്, വാക്യങ്ങൾ നിർമ്മിക്കൽ<br>ചിത്രം - കഥ എഴുതൽ<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സുകൾ | ജൂൺ<br>ജൂലൈ | പുസ്തകങ്ങൾ<br>ചിത്രങ്ങൾ | അധ്യാപകർ |
| 2. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും കുട്ടികളെ പ്രാപ്തരാക്കുക | അനുഭവക്കുറിപ്പുകൾ വ്യവഹാരരൂപങ്ങൾ ഇവയിലൂടെ ഭാഷാ, ശേഷി വികസിപ്പിക്കുന്നു. | ആഗസ്റ്റ്. | പാഠപുസ്തകം<br>ചിത്രകഥകൾ | P.T.A<br>അധ്യാപകർ |

| | | സമയം | | |
|---|---|---|---|---|
| [illegible]ിതാവിൽ സമ്പൂർണമായ വായന ഉറപ്പുവരുത്തുക. | വർത്തമാനലോകത്തെ അറിവുകളുണ്ടാക്കുന്ന പത്രം, ആഴ്ചപ്പതിപ്പുകൾ മാസികകൾ എന്നിവ വായിക്കുകയും ഉൾക്കൊള്ളുകയും ഓർക്കുകയും ഉച്ചാരണശുദ്ധി വരുത്തുകയും ചെയ്യുന്നു | എല്ലാ ദിവസവും | പുസ്തകങ്ങൾ | P.T.A. അധ്യാപകർ |
| 4. കുട്ടിയെ മികച്ച വായനക്കാരനാക്കുക. | ക്ലാസിൽ വായനക്കൂട്ടം രൂപീകരണം. സമീപ ഗ്രന്ഥശാല അംഗത്വം. വായനോത്സവം സംഘടിപ്പിക്കുക. പത്രവായന. വായനാനുഭവം. വായനാക്കുറിപ്പ് പതിപ്പ്. വിദ്യാരംഗം കലാസാഹിത്യ വേദി രൂപീകരണം പ്രവർത്തനങ്ങൾ | സെപ്തംബർ ↓ ഡിസംബർ | ആനുകാലിക പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങളും | P.T.A. ലൈബ്രറി. അധ്യാപകർ. |

| | | | | |
|---|---|---|---|---|
| കുട്ടികളുടെ ആകാശവാണി | വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം ആകാശവാണി അവതരിപ്പിക്കൽ | ആഴ്ചയിൽ ഒരിക്കൽ സെപ്തംബർ → മാർച്ച് | പുസ്തകങ്ങൾ | ക്ലാസ് ലീഡർമാർ അധ്യാപകർ |
| 6 വാർത്താവായന | വാർത്താ വായനകൾ സംഘടിപ്പിക്കുന്നു. വായന - ക്ലാസ് തലത്തിൽ നടത്തി തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് വാർത്താവായനക്ക് അവസരം. (അതത് മാസത്തെ പ്രധാന സംഭവങ്ങൾ ലൈബ്രറി പുസ്തകങ്ങൾ ആസ്പദമാക്കിയിട്ട് മാസം | ദിവസവും സെപ്തംബർ → മാർച്ച് | ലൈബ്രറി പുസ്തകങ്ങൾ | P. TA മലയാളം അധ്യാപകർ |

| | | | | |
|---|---|---|---|---|
| ...ിരാക്കുവ<br>കലാവാസനകളെ<br>പ്രോത്സാഹിപ്പിക്കൽ | **ആവിഷ്കാരം**<br>ഉപാദാനവുമായി<br>ബന്ധപ്പെട്ട ചൊൽക്കാഴ്ച<br>ലഘുനാടകങ്ങൾ ഇട<br>ങ്ങിയവ സ്കൂൾ അസംബ്ലി<br>യിൽ അവതരിപ്പിക്കൽ<br>അവസരം<br>വിദഗ്ധരായ നാടക<br>കലാകാരൻമാരെയും<br>മറ്റ് കലാകാരൻമാരെയും<br>പങ്കെടുപ്പിച്ചുകൊണ്ട്<br>ശിൽപശാലകൾ നടത്തൽ | ജനുവരി<br>ഫെബ്രുവരി | തിരക്കഥകൾ<br>നാടകങ്ങൾ | ക്ലബ്ബ്<br>P.T.A<br>അധ്യാപകർ<br>കലാകാരന്മാ |

| മേഖല | ഹൈസ്കൂൾ - മലയാളം | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
| (1) ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | (1) പ്രീ ടെസ്റ്റ്<br>(2) അക്ഷരം ഉറപ്പിക്കൽ<br>(3) അടയാളം ഉറപ്പിക്കൽ<br>(4) അക്ഷര കാർഡ് നൽകൽ<br>(5) വാക്കുകൾ എഴുതിയ കാർഡ്<br>(6) വാക്കുകൾ നിർമ്മിക്കുക<br>(7) വാക്യങ്ങൾ നിർമ്മിക്കൽ<br>(8) ചിത്രം - അടിക്കുറിപ്പ്<br>(9) ചിത്രം - കഥ എഴുതൽ<br>(10) ഭാഷാപരമായ പിന്നാക്കാവസ്ഥ ഉള്ളവർക്ക് പ്രത്യേക ക്ലാസ്. | 2 മാസം ആഗസ്റ്റ് - സെപ്തംബർ | പുസ്തകങ്ങൾ ചിത്രങ്ങൾ | PTA അധ്യാപകർ |
| (2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | (1) ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>(2) സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>(3) സമീപ ഗ്രന്ഥശാല സന്ദർശനം<br>(4) വായനാമത്സരം സംഘടിപ്പിക്കൽ | 6 മാസം | ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി പത്രങ്ങൾ ആനുകാലികങ്ങൾ ഇന്റർനെറ്റ് കമ്പ്യൂട്ടർ | PTA അധ്യാപക |

| | | | | |
|---|---|---|---|---|
| | (5) പത്രവായന<br>(6) പുസ്തകചർച്ച<br>(7) വായനാനുഭവം<br>(8) വായനക്കുറിപ്പ് പതിപ്പ്<br>(9) വിദ്യാരംഗം കലാസാഹിത്യ-വേദി പ്രവർത്തനം<br>(10) ദിനാചരണം<br>(11) സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>(12) ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>(13) സ്വതന്ത്രമായ വായന<br>(14) ഇ - വായന | | | |
| (3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | (1) എഴുത്തുകൂട്ടം രൂപീകരണം<br>(2) പുസ്തകചർച്ച<br>(3) വായനക്കുറിപ്പ്, പതിപ്പ്<br>(4) വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>(5) ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ<br>(6) സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ | 6 മാസം | ലൈബ്രറി പുസ്തകങ്ങൾ ഫോട്ടോകൾ | PTA അദ്ധ്യാപകർ |

| | | | | |
|---|---|---|---|---|
| | (5) പത്രവായന<br>(6) പുസ്തകചർച്ച<br>(7) വായനാനുഭവം<br>(8) വായനാക്കുറിപ്പ് പതിപ്പ്<br>(9) വിദ്യാരംഗം കലാസാഹിത്യ-വേദി പ്രവർത്തനം<br>(10) ദിനാചരണം<br>(11) സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>(12) ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>(13) ആസ്വാദ്യകരമായ വായന<br>(14) ഇ - വായന | | | |
| (3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | (1) എഴുത്തുകൂട്ടം രൂപീകരണം<br>(2) പുസ്തകചർച്ച<br>(3) വായനാക്കുറിപ്പ്, പതിപ്പ്<br>(4) വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>(5) ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ<br>(6) സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ | 6 മാസം | ലൈബ്രറി പുസ്തകങ്ങൾ ഫോട്ടോകൾ | PTA അധ്യാപകർ |

| | | | | |
|---|---|---|---|---|
| | (7) വ്യക്തിഗത രചന, സംഘരചന<br>(8) ഭാഷാ പ്രൊജക്ട്<br>(9) സാഹിത്യകാരൻമാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ - സാംസ്കാരിക ചിത്ര ഗ്യാലറി | | | |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക. | (1) പ്രസംഗ പരിശീലന കളരി<br>(2) വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>(3) മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>(4) പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സൃഷ്ടിക്കുക | 6 മാസം (ജൂലൈ - ഡിസംബർ) | ഓഡിയോ വീഡിയോ | ട്രെയിനർ അധ്യാപകൻ |

## മേഖല — വൈദഗ്ധ്യങ്ങൾ — ഹിന്ദി

**പൊതുവായ ലക്ഷ്യങ്ങൾ**

=> സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഉച്ചാരണശുദ്ധിയോടെ എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.

=> ഓരോ ആഴ്ചയിലും പഠിക്കേണ്ട പാഠഭാഗങ്ങൾ എല്ലാ കുട്ടികളും നേടിയെന്ന് ഉറപ്പ് വരുത്തുക.

=> ഹിന്ദി ഭാഷ പഠനത്തിലൂടെ കുട്ടികളിൽ ഭാഷാസ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| => അക്ഷരം ചിഹ്നം ഇവയെ തിരിച്ചറിയാൻ പഠിപ്പിക്കുന്നു.<br>=> അക്ഷരങ്ങൾ എഴുതുവാനും വായിക്കുവാനും ഇവരെ പഠിപ്പിക്കുന്നു. | * ഓഡിയോ വീഡിയോ സഹായത്തോടെ ഉച്ചാരണം ആകർഷകമായി പഠിപ്പിക്കുന്നു. | ജൂൺ - ജൂലൈ |
| => കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഭാഷ വ്യാകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുക. | * പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സാധിപ്പിക്കുന്നു. | ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു. | * പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്രക്കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. | നവംബർ, ഡിസംബർ |
| മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാകുക. | * പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ ശേഖരിച്ച് ഹിന്ദിയിൽ എഴുതി അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | ജനുവരി. |
| * പോസ്റ്റർ തയ്യാറാക്കാനറിയുന്നു. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കാനറിയുന്നു. | പോസ്റ്ററിന്റെ മാതൃക നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസിൽ പ്രദർശിപ്പിച്ച് മൂല്യനിർണ്ണയം നടത്തുന്നു. | ജനുവരി |

| മേഖല - ഹൈസ്കൂൾ - സാമൂഹ്യ ശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1, കുട്ടികളിൽ ചരിത്രാവബോധം വളർത്തുക. | ചരിത്ര പ്രാധാന്യമുള്ള വീഡിയോകൾ പ്രദർശിപ്പിക്കുക,പാഠ ഭാഗവുമായി ബന്ധപ്പെട്ട സ്ഥലങ്ങളിലേക്ക് യാത്രകൾ സംഘടിപ്പിക്കുക. | നിശ്ചയിച്ച തിയതികളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2, ജനാധിപത്യം ഒരു ജീവിത രീതിയാക്കി വളർത്തുക. | സേവന പ്രവർത്തനങ്ങൾ നടത്തുക. സാമൂഹ്യ പ്രവർത്തകരുടെ രീതികൾ പരിചയപ്പെടുത്തുക. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3, പരീക്ഷണ നിരീക്ഷണങ്ങളിലൂടെ പുത്തൻ അറിവുകൾ കണ്ടെത്തുക. | ആധുനിക ഉപഗ്രഹ ങ്ങളുടെ കണ്ടെത്തലുകൾ ദൃശ്യ മാധ്യമങ്ങളുടെ സഹായത്തോടെ മനസിലാക്കുന്നു. | വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4, വിവിധ സാമൂഹ്യ പരിഷ്കർത്താക്കളുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കി സമത്വം സാഹോദര്യം സഹിഷ്ണുത മതേതരത്വം എന്നിവ വളർത്തുക. | സാമൂഹ്യ പരിഷ്കർത്താക്കളുടെ ജന്മ സ്ഥലങ്ങൾ സമാധി സ്ഥലങ്ങൾ സന്ദർശിക്കുക ആത്മകഥകൾ പരിചയപ്പെടുത്തുക. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ് |
| 5, സ്ഥാന നിർണ്ണയത്തിൽ ഭൂപട വായനയുടെ പ്രസക്തി കുട്ടികളിൽ ബോധ്യമാക്കുക. | അറ്റ്ലസ് മാപ്പ്, ഗ്ലോബ് എന്നിവ പരിചയപ്പെടുത്തുന്നു. സ്വന്തം പ്രദേശത്തിന്റെ ഭൂപടം തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 5, സാമൂഹ്യ പ്രശ്നങ്ങളെ സാമൂഹ്യ ശാസ്ത്ര ക്ലാസ് റൂമുകളുമായി ബന്ധപ്പെടുത്തി പൊതു വിജ്ഞാനം വളർത്തുക. | സമകാലിക പ്രശ്നങ്ങൾ ക്ലാസ്സ് റൂം പ്രവർത്തനങ്ങളുടെ ഭാഗമാക്കുക. | വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 6, ഉന്നത വിദ്യാഭ്യാസത്തിൽ സാമൂഹ്യ ശാസ്ത്ര വിഷയങ്ങളുടെ പ്രസക്തി ബോധ്യപ്പെടുത്തുക. | യു.പി.എസ്.സി, പി. എസ് സി മുതലായ ദേശീയ സംസ്ഥാന മത്സര പരീക്ഷകളുടെ ചോദ്യങ്ങൾ പരിചയപ്പെടുത്തുക. | അക്കാദമിക വർഷം മുഴുവൻ. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 26 [HS ഗണിതം]

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| --- | --- | --- |
| ഗണിതത്തിലെ അടിസ്ഥാനശേഷികൾ ഉറപ്പിക്കൽ | കുട്ടികളുടെ ശേഷി പരിശോധിക്കൽ. പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത വർക്ക്ഷീറ്റുകൾ, ഗണിത ക്വിസുകൾ തുടങ്ങിയവയിലൂടെ ചതുഷ്ക്രിയകൾ അടിസ്ഥാന ആശയങ്ങൾ എന്നിവയിൽ അടിസ്ഥാനം ഉറപ്പിക്കൽ. കൂടാതെ ജൂൺ മാസത്തിലെ പാഠങ്ങൾ അവതരിപ്പിക്കൽ. | ജൂൺ ആദ്യവാരം മുതൽ മൂന്നാം വാരംവരെ |
| ഗണിത അഭിരുചി വർദ്ധിപ്പിക്കൽ | ഗണിത ക്വിസ്, ജ്യോമട്രിക് ചാർട്ട് നിർമ്മാണം, ഗണിതം നിത്യജീവിതത്തിൽ, കുസൃതി കണക്കുകൾ, ഗണിത ശാസ്ത്രജ്ഞന്മാരെ അറിയൽ, നിർമ്മിതികളിലെ [illegible] നിർണ്ണയം. ക്ലബ് രൂപീകരിക്കൽ, ക്ലബ് പ്രവർത്തനങ്ങൾ, ഗണിത ക്ലിനിക്.<br><br>July 22 π ദിനത്തോടനുബന്ധിച്ച് ഗണിത ക്വിസ് മത്സരം നടത്തുന്നു. ക്ലാസ് ക്ലാസ് ടെസ്റ്റ് | ജൂൺ മാസ അവസാനം ജൂലൈ ആദ്യം. |

| | | |
|---|---|---|
| ശാസ്ത്ര മേള | ഗണിത ശാസ്ത്ര മേള സ്കൂൾ തലം സംഘടിപ്പിക്കണം. തിരഞ്ഞെടുത്ത കുട്ടികളെ പരിശീലനം. ജില്ലാ സംസ്ഥാന തലത്തിൽ ... Unit Test | ആഗസ്റ്റ് |
| | സിലബസ് അനുസരിച്ച് പരീക്ഷയ്ക്ക് ഒരുക്കണം. ഗണിതശാസ്ത്രമേളയ്ക്ക് കുട്ടി ഒരുക്കുക | സെപ്റ്റംബർ |
| മത്സര പരീക്ഷ | NMMS, New Maths ക്വിസ് മുതലായ മത്സര പരീക്ഷകൾക്ക് ഒരുക്കണം. സിലബസ് കേന്ദ്രീകൃത പഠനം, Unit Test | October, November |
| | പരീക്ഷയ്ക്ക് ഒരുക്കണം. | December. |
| Term Exam. | | |
| ഗണിതാഭിരുചി വർദ്ധിപ്പിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക. ഗണിത ക്വിസ്. സിലബസ് കേന്ദ്രീകൃത പഠനം Unit Test. | January |
| | ഗണിത മേളയ്ക്ക് അവസരം കിട്ടിയ കുട്ടികളെ ഒരുക്കണം. സിലബസ് കേന്ദ്രീകൃത പഠനം, Unit Test, കൈത്താങ്ങ് ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി പ്രത്യേക കോച്ചിംഗ്. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ഉയർത്താനായി അവർക്ക് കോച്ചിംഗ് നൽകണം. | February, March. |

ഹൈസ്കൂൾ - സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| 1) ശാസ്ത്ര കൗതുകം: ശാസ്ത്രം, ജീവിതത്തിലെ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | • ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. ഉപകരണങ്ങൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് ഉപകരണം നിർമ്മിക്കുന്നു.<br>• പാഠഭാഗവുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം<br>• ക്ലാസുകളിൽ ചെറു പ്രോജക്ട് കൊടുത്ത് തെരഞ്ഞെടുത്ത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | P.T.A |
| 2) ശാസ്ത്ര ലോകത്തേക്ക്: നിരന്തരമായി അന്വേഷണം നടത്തുവാനും ലക്ഷ്യ | • ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് തെരഞ്ഞെടുത്ത് പൊതുവേദികളിൽ അവതരിപ്പി- ക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | Science club |

| | | | | |
|---|---|---|---|---|
| | • വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു.<br>• ശാസ്ത്ര ചിത്രരചനകൾ സംഘടിപ്പിക്കുന്നു | | | |
| 3) ശാസ്ത്രീയ മനോഭാവം: മാനസികതലത്തിൽ കുട്ടികളുടെ ശാസ്ത്ര ബോധം വളർത്തുക | • ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം<br>• സയൻസ് ലാബ്, ഐ.ടി. ലാബ് എന്നിവ കൃത്യമായി നടത്തുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | P.T.A |
| 4) ശാസ്ത്രീയ കുട്ടികൾ സ്വയം അന്വേഷണ ബുദ്ധി വളർത്തിയെടുക്കൽ, ടെലിസ്കോപ്പ് | • ചിത്രപ്പെട്ടി ശാസ്ത്രീയ വിജ്ഞാനം ഉത്തരങ്ങൾ കണ്ടെത്തുന്നതിനും പരിശീലനം നൽകുന്നു.<br>• സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ് | Science club |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## ജീവശാസ്ത്രം

| Sl. No. | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമഗ്രികൾ | റിസോഴ്സ് |
|---|---|---|---|---|---|---|
| 1. | പരിസ്ഥിതി സൗഹാർദ്ദ മനോഭാവം വളർത്തുക | ജൂൺ 5 - പരിസ്ഥിതി ദിനം - ആഘോഷങ്ങൾ<br>പരിസ്ഥിതി ദിന ക്വിസ് UP & HS തലം -<br>പോസ്റ്റർ നിർമ്മാണ മത്സരം<br>പരിസ്ഥിതി ദിന ചിന്ത, പ്രതിജ്ഞ, പരിസ്ഥിതി ദിന ആഘോഷങ്ങളുടെ പ്രത്യേക പ്രവർത്തനങ്ങൾ | June 5 | പരിസ്ഥിതി ക്ലബ്ബ് | | SRG |
| | | Dry day ദിനാചരണം (എല്ലാ വെള്ളിയാഴ്ചകളിലും)<br>പച്ചക്കറി കൃഷി - std 8 Unit 7 ജീവശാസ്ത്രം<br>ജൈവവൈവിധ്യ ഉദ്യാനം<br>പരിസര ശുചിത്വം<br>വ്യക്തി ശുചിത്വം<br>സ്കൂൾ ക്യാമ്പസിനെ പ്ലാസ്റ്റിക്<br>[illegible] | വർഷം മുഴുവനും | എല്ലാ കുട്ടികളും | | |

| | | | | |
|---|---|---|---|---|
| Balanced Diet ന്റെ ആവശ്യകത മനസ്സിലാക്കുക. | Food fest - കുട്ടികളോട് ഏതെങ്കിലും ഒരു food item തയ്യാറാക്കി കൊണ്ടുവരുന്നതിനും പോഷകം ഏതിലടങ്ങിയിരിക്കുന്നത് എന്നതുമായി ബന്ധപ്പെടുത്തി കാണിക്കുക. | 2 days | Std 9 Student | Parents |
| സമുദ്രദിനം June 8 | ഏറ്റവും കൂടുതൽ ആവാസം ഒരുക്കുന്നത് സമുദ്രങ്ങളിലെ ആൽഗകളിലാണ് വീഡിയോ കാണിക്കൽ - ജീവജാലങ്ങൾ ഉൾക്കൊള്ളാം. | 2 days | Std 9 students | |